മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സംസ്ഥാനത്തു് 1963–64–ൽ 65 ക്രിസ്ത്യൻദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുണ്ടു്.

(ബി) 15.

(സി) നിർദ്ദേശങ്ങളും നൽകീട്ടുള്ളതനുസരിച്ചു ഓരോ ഡിസ്ട്രിക്റ്റിലും സൂപ്രണ്ടന്മാർ ദേവാലയങ്ങളുടെ പരിസരങ്ങളിലുള്ള സ്ഥലങ്ങളിലേക്കു പെട്രോളംപാർട്ടികളെ നിയോഗിക്കുകയും രണ്ടു പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലന്മാരുടെ നിർദ്ദേശപ്രകാരം ഈ മാതിരി ആക്രമണങ്ങളും ഇനിയും ഉണ്ടാകാതെയിരിക്കുന്നതിനുള്ള സത്വരനടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) കുട്ടനാട്താലൂക്കിൽപെടുന്ന നീലംപേരൂർ വില്ലേജിൽ ഉള്ള കൈനടി പള്ളിയിൽ നടന്ന ആക്രമണം സംബന്ധിച്ചു രാമൻകരി പോലീസ് സ്റ്റേഷനിൽ 22/64–ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസു ഊർജ്ജിതത്തിലിരിക്കുകയാണു്.

വെള്ളായണിക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണം

* 11. [20] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി ക്ഷേത്രത്തിൽ നടന്ന മോഷണത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ അവസാനിച്ചുവോ;

(ബി) അന്വേഷണഫലം എന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) പ്രയോജനപ്രദമായ യാതൊരു തെളിവും ഇതുവരെ കിട്ടീട്ടില്ല.

ദേവാലയാക്രമണങ്ങൾ

* 12. [39] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961–62, 1962–63, 1963–64 (ജൂലൈ–31ാംതു-വരെ ഓരോ വർഷങ്ങളിലും എത്ര പള്ളികളും ക്ഷേത്രങ്ങളും ആക്രമിക്കപ്പെട്ടിട്ടുണ്ടു്;

(ബി) ഓരോ വർഷവും ദേവാലയാക്രമണം സംബന്ധിച്ചുണ്ടായ എത്ര കേസ്സുകളും തെളിഞ്ഞിട്ടുണ്ടു്;

(സി) തെളിവു കിട്ടാത്തവ എത്ര;

(ഡി) 1964 ജനുവരിക്കു ശേഷം എത്ര ക്രൈസ്തവ ദേവാലയങ്ങളും, ഹൈന്ദവ ദേവാലയങ്ങളും, ആക്രമവിധേയമായിട്ടുണ്ടു് ;

(ഇ) അതിൽ എത്രകേസ്സു് തെളിവു കിട്ടാതെയുണ്ടു് ; എത്രയെണ്ണം തെളിഞ്ഞിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1961 മുതൽ 31-7-64 വരെ 228 ആരാധനാസ്ഥലങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർഷത്തേയും കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു ഇപ്രകാരമാണു്.

	പള്ളികൾ;	അമ്പലങ്ങൾ.	മുസ്ലീം ദേവാലയങ്ങൾ.
1961.	25	35	2 62.
1962	10	25	: 35.
1963	33	34	2 69.
1964	31-7-64 വരെ 32	28	2—62

(ബി) ആകെ 101 കേസുകൾ തെളിഞ്ഞിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

	പള്ളികൾ	അമ്പലങ്ങൾ	മുസ്ലിംദേവാലയങ്ങൾ
1961	17	14 ..	31
1962	4	11 ..	15
1963	12	17 2	31
1964	17	7 ..	24

(സി) 81 കേസുകൾ തെളിവു കിട്ടാത്തവയായി കണക്കാക്കിയിട്ടുണ്ട് ബാക്കി 46 കേസുകൾ അന്വേഷണത്തിലിരിക്കുകയാണു്.

(ഡി) 31-7-64 വരെ ആകെ 60. അതിൽ ക്രൈസ്തവ ദേവാലയങ്ങൾ 32. ഹൈന്ദവ ദേവാലയങ്ങൾ 28.

(ഈ) മേല്പറഞ്ഞ 60 കേസുകളിൽ 24 എണ്ണം തെളിഞ്ഞിട്ടുണ്ട്. ക്രൈസ്തവ ദേവാലയങ്ങൾ 17. ഹൈന്ദവ ദേവാലങ്ങൾ 7. ബാക്കി 36 കേസുകൾ അന്വേഷണത്തിലിരിക്കുകയാണു്.

ശ്രീ. കെ.എം. ജാർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഈ കേസുകളിൽ, ഒരു കേസിൽ ആ കേസിലെ പ്രതികളേയും അപ്രൂവറായിട്ടു മാറിയ ഒരാളേയും—തെയ്യൽ കേസിലെ പ്രതികളെ—ഒരേ മുറിയിൽ ലാക്കപ്പിൽ സൂക്ഷിച്ചിരുന്നതായും ആ കാരണത്താൽ മജിസ്ട്രേട്ട ആ കേസു വിസ്തരിക്കാതിരിക്കുകയും ഉണ്ടായി എന്നു അറിയുന്നതു ശരിയാണോ?

ശ്രീ. ആർ. ശങ്കർ: എനിക്കു അങ്ങനെ വിവരം കിട്ടിയിട്ടില്ല.

ശ്രീ. കെ. എം. ജാർജ്ജ്: കഴിഞ്ഞ ജൂൺ മൂന്നാംതീയതി മുഖ്യമന്ത്രി ചെയ്തിട്ടുള്ള ഒരു പ്രസംഗത്തിൽ ഈ ദേവാലയ ധ്വംസനങ്ങളെപ്പറ്റി പ്രതിഷേധിക്കുന്നതാരോടാണെന്നും അതേസംബന്ധിക്കുന്ന വളരെ കടലാസുകൾ തന്റെ പക്കൽ കിട്ടീട്ടുണ്ടെന്നും വളരെ പ്രബലമായി പറഞ്ഞിട്ടുള്ളതിന്റെ ഫലമായിട്ടാണു് ഈമാതിരി ആക്രമണങ്ങൾ ഉണ്ടാകാൻ ഇടയായിട്ടുള്ളതെന്നു് ഗവണ്മെന്റു് മനസ്സിലാക്കിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പ്രബലമായിട്ട യാതൊന്നും പറഞ്ഞിട്ടില്ല. എന്തെങ്കിലും പറഞ്ഞിട്ടുള്ളതിന്റെ ഫലമായിട്ടാണു് ഈ ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളതെന്നും ഗവണ്മെന്റു വിചാരിക്കുന്നില്ല. എന്നുമാത്രമല്ല ഈ പ്രസംഗങ്ങളും ഇതുമായി യാതൊരു ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ അടുത്തകാലത്തായി ഉണ്ടായിട്ടുള്ള ദേവാലയാക്രമണങ്ങളും അതിനു മുമ്പുണ്ടായിട്ടുള്ള ദേവാലയാക്രമണങ്ങളും തമ്മിൽ അവയുടെ സ്വഭാവത്തിനു വല്ല വ്യത്യാസവും ഉണ്ടോ; മുമ്പുണ്ടായിട്ടുള്ള ആക്രമണങ്ങളേക്കാൾ ഈ കഴിഞ്ഞ കാലത്തുണ്ടായ ആക്രമണങ്ങൾക്കു പ്രത്യേകമായി ചില സ്വഭാവവിശേഷമുള്ളതായും അതായതു ചില സമുദായങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തണമെന്നുള്ള മനപൂർവ്വമായ ഉദ്ദേശത്തോടുകൂടിയും മോഷണം എന്ന പ്രത്യേക ഉദ്ദേശത്തോടുകൂടി അല്ലായിരുന്നു എന്നുമുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: മോഷണം എന്ന പ്രത്യേക ഉദ്ദേശത്തോടുകൂടിയല്ലാതെയുള്ള ആക്രമണങ്ങളും മറ്റുള്ള ആക്രമണങ്ങളും ഉണ്ടായിട്ടുണ്ട്, എങ്കിലും ഈ വർഷം നടത്തിട്ടുള്ള ദേവാലയാക്രമണങ്ങളെല്ലാം അങ്ങനെ പ്രത്യേക പരിതഃസ്ഥിതിയിൽപ്പെടുന്നതാണെന്നുള്ളതിനെ സംബന്ധിച്ചുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതുകൊണ്ട് അങ്ങനെ പ്രത്യേക പരിതഃസ്ഥിതിയിൽപ്പെട്ടതാണെന്നു തോന്നുന്നില്ല.

ശ്രീ. തോമസ് ജാൺ: ഇവിടത്തെ വിഗ്രഹ ദേവാലങ്ങളാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും അതൊരു പ്രത്യേക ഉദ്ദേശത്തോടുകൂടിയല്ല നശിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും മുഖ്യമന്ത്രി പറയുന്നതിനെ ആസ്പദമാക്കിയും എന്നാൽ അതു ചില സമുദായങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതിനെ കണക്കിലെടുത്തും. ഇതൊക്കെ മനസ്സിലാക്കിക്കൊണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ആക്രമണത്തിനു വിധേയമായ ഏതെങ്കിലും ഒരു പള്ളിയോ അമ്പലമോ സന്ദർശിക്കുക ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഈ ദേവാലയാക്രമണങ്ങളും ആരുടെയും പ്രത്യേകമായ മതവികാരങ്ങളും വ്രണപ്പെടുത്തുന്നതിനായി ആരെങ്കിലും കരുതിക്കൂട്ടി പ്രവർത്തിച്ചതാണെന്നു ഇതേവരെ ഗവണ്മെൻറിനു തെളിവുകളൊന്നും കിട്ടീട്ടില്ല. ഈക്കാര്യത്തിൽ ഗവണ്മെൻറ് ഈ സംസ്ഥാനത്തെ പോലീസിനെക്കൊണ്ടും കേന്ദ്ര ഗവണ്മെൻറിന്റെ ആഭിമുഖ്യത്തിൽ ഉള്ള പോലീസിനെക്കൊണ്ടും അന്വേഷണം നടത്തിച്ചിട്ടുണ്ട്. ഇത്രയായിട്ടും അങ്ങനെ കരുതിക്കൂട്ടിചെയ്തിട്ടുള്ളതായിട്ടുള്ള തെളിവുകളൊന്നും കിട്ടീട്ടില്ല.

ശ്രീ. തോമസ് ജാൺ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഞാൻ എന്റെ ഒരു ചോദ്യം ചോദിച്ചിട്ട അതിനു മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടില്ല. അതു പറയാതെ ഒഴിയാൻ ശ്രമിക്കുകയാണ്.

ശ്രീ. ആർ. ശങ്കർ: ഇല്ല, ഇല്ല.

ശ്രീ. സി. എ. മാത്യു: ഈ ദേവാലയാക്രമണങ്ങളെ സംബന്ധിച്ചിടത്തോളം ഏതോ ഒരു മാസ്റ്റർ ബ്രെയിൻ ഈ ആക്രമണങ്ങളുടെ പിന്നിലുള്ളതായിട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പത്രസമ്മേളനത്തിൽ പറഞ്ഞിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അതിനാവശ്യമായ തെളിവുകളൊന്നും കിട്ടീട്ടുണ്ടെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെ ആ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിട്ടുള്ള തരത്തിൽ ഉള്ള മാസ്റ്റർ ബ്രെയിനിനെക്കുറിച്ചുള്ള വല്ല വിശദവിവരവും അറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതു ഈ സഭയെ അറിയിക്കാൻ കഴിയുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ആണെന്നല്ല ഞാൻ പറഞ്ഞതു. അങ്ങനെ സംശയിക്കേണ്ട സാഹചര്യങ്ങളും ഉണ്ടെന്നാണ്. ഈ ആക്രമണങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപോലെയുള്ള ഒരു സ്വഭാവം കാണുന്നു എന്നാണ്. എന്നാൽ അന്വേഷണത്തിൽ ഏതെങ്കിലും അങ്ങനെ ഒരു വിവരം ഉള്ളതായി കണ്ടില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ദേവാലയാക്രമണങ്ങളുടെ പിന്നിൽ അങ്ങനെ സാമുദായികമായോ രാഷ്ട്രീയമായോ യാതൊന്നും ഇല്ലാ എന്നു കേരളത്തിലെ എല്ലാ പത്രങ്ങളും മറ്റാളുകളും അഭിപ്രായപ്പെട്ടതിനുശേഷം ഈ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ദേവാലയാക്രമണങ്ങളുടേയും പിന്നിൽ സാമുദായികമായ ഒരു ഉദ്ദേശമുണ്ടെന്നു വരുത്തുവാനായി ഈ നിയമസഭയിലെ ചില മെമ്പറന്മാർ മനപൂർവ്വമായി പരിശ്രമം ചെയ്തിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പല പ്രസംഗങ്ങളും നടത്തിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഹിറ്റ്ലറുടെ ഭരണകാലത്തു അവിടെ പാർലമെൻറ് മന്ദിരങ്ങളും തീവെച്ചു നശിപ്പിച്ചതുപോലെയുള്ള എന്തെങ്കിലും സാഹചര്യങ്ങളും ഈ ദേവാലയ ധ്വംസനങ്ങളുടെ പിന്നിൽ ഉള്ളതായി ഈ രഹസ്യാന്വേഷണങ്ങളിൽ സംശയിക്കാൻ ഗവണ്മെൻറിനിടവന്നിട്ടുണ്ടോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. കെ. എം. ജോർജ്: ഈ ദേവാലയ ധ്വംസനങ്ങളെ സംബന്ധിച്ചു വേണ്ട നടപടികളും വേണ്ട സമയത്തു എടുത്തിട്ടില്ലാ എന്നും, മുഖ്യമന്ത്രി പ്രസ്താവിച്ചതുപോലെ പ്രയോജന പ്രദമായ യാതൊരു തെളിവും ഇതുവരെ ലഭിച്ചിട്ടില്ലാ എന്നുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിലും കേന്ദ്ര ഗവണ്മെൻറിന്റെ ഉന്നതന്മാരായ വല്ല പോലീസ് ഉദ്യോഗസ്ഥന്മാരും ഈ കേസു സംബന്ധിച്ചു അന്വേഷണം നടത്തിട്ടുണ്ടോ; അല്ലെങ്കിൽ കേന്ദ്രത്തിൽനിന്നും ഇന്നതരത്തിൽ പ്രവർത്തിക്കണം എന്നു വല്ലനിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഞാൻ അതേപ്പറ്റി പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. എം. ജോർജ്: സർ, ഒരു പായിൻറ് അഫ് ആർഡർ ദേവാലയാക്രമണങ്ങളെ സംബന്ധിപ്പ് എന്തെങ്കിലും കേന്ദ്ര ഇൻറലിജൻസ് പോലീസുദ്യോഗസ്ഥന്മാരെക്കൊണ്ട് അന്വേഷിപ്പിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ അന്വേഷണ റിപ്പോർട്ടോ, വല്ല നിർദ്ദേശമോ ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു. അതേപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നും പറഞ്ഞില്ല.

ശ്രീ. ആർ. ശങ്കർ : കേന്ദ്ര ആഭ്യന്തരവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു ഇൻറലിജൻസ് (പോലീസ്) സീനിയർ ഉദ്യോഗസ്ഥൻ ഇതേപ്പറ്റി അന്വേഷണം നടത്തുകയുണ്ടായി. അങ്ങനെ നടത്തിയാൽ നന്നായിരിക്കുമെന്നു ഈ ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടാണ് അന്വേഷണം നടത്തിയതു. ആ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചതു കേന്ദ്രഗവണ്മെൻറിനാണ്. ആ റിപ്പോർട്ടിന്റെ സാരം എന്നെ നേരിട്ടുകണ്ടു അദ്ദേഹം പറയുകയുണ്ടായി. ഏതെങ്കിലും കുറ്റക്കാരുടെയുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളതു എന്നതിനു തെളിവുകളൊന്നും കിട്ടിയിട്ടില്ല. ഇവിടത്തെ പോലീസ് ഇതു സംബന്ധിച്ച് ഊർജ്ജിതമായ നടപടികളും എടുത്തുവരുന്നതായിട്ടാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു.

ശ്രീ. പി. എസ്. ശ്രീനിവാസൻ : പള്ളിയാക്രമണത്തിന്റെ പിന്നിൽ പോലീസുദ്യോഗസ്ഥന്മാരുടെ കയ്യുണ്ടെന്നും, പോലീസുദ്യോഗസ്ഥന്മാർ വാനിൽ പോയി പള്ളിയാക്രമണം നടത്തിയെന്നുള്ളതിനു താൻ തെളിവു തരാൻ തയ്യാറാണെന്നും ഫാദർ വടക്കൻ പ്രസംഗിച്ചിട്ടുള്ളതു ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതേപ്പറ്റി എന്തെങ്കിലും അന്വേഷിച്ചിട്ടുണ്ടോ ;

ശ്രീ. ആർ. ശങ്കർ : അങ്ങനെ പറയുകയല്ലാതെ തെളിവു ചോദിച്ചാൽ കൊടുക്കുന്ന പതിവു ഇവിടെയില്ല. പ്രസംഗിക്കാൻ സൗകര്യം കിട്ടുമ്പോൾ ഉത്തരവാദിത്വം കൂടാതെ പലരും പലതും പറയാറുണ്ട്. ആ കൂട്ടത്തിൽ പറഞ്ഞതാണ് ഇതു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അടുത്ത കാലത്തു നടന്ന ദേവാലയാക്രമണങ്ങളിൽ ഒരു പ്രത്യേകതരം കാണുന്നുണ്ടെന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. അതെന്താണെന്നു അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഏതാനും ദേവാലയങ്ങളിൽ കേവലം മോഷണത്തിനു വേണ്ടിയല്ലാതെ സക്രാരി തുടങ്ങിയ വിശുദ്ധ വസ്തുക്കൾ നശിപ്പിക്കാനുള്ള ശ്രമം കാണുകയുണ്ടായി. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻ അങ്ങനെ പറഞ്ഞതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ ദേവാലയാക്രമണങ്ങളുടെ പിന്നിൽ ഒരു സംഘടിതമായ മാസ്റ്റർ ബ്രെയിൻ ഉണ്ടെന്നു മുഖ്യമന്ത്രി പ്രസ്താവിച്ചതിന്റെ പിറ്റേദിവസം അതൊക്കെ നടത്തുന്നതു് ഒരു ഭ്രാന്തനാണെന്നും, ആ ഭ്രാന്തനെ തനിക്കു് നേരിട്ടറിയാമെന്നും ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഒരു പ്രസ്താവനയിൽ പറയുകയുണ്ടായി. അങ്ങനെ അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ടോ? ആ ഭ്രാന്തൻ ഇപ്പോഴും കൈവശം ഉണ്ടോ എന്നു അറിയിച്ചാൽ കൊള്ളാം.

ശ്രീ. ആർ. ശങ്കർ : ആ മാതിരി പ്രവർത്തിക്കുന്നതു് ഒരു മാതിരി ഭ്രാന്താണെന്നാണു് പൊതുവിലുള്ള അഭിപ്രായം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഏ പായിന്റു് അഫ് ആർ ഡർ. എന്റെ ചോദ്യത്തിനല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതു്. ഞാൻ ചോദിച്ചതു് റവന്യൂമന്ത്രിയുടെ സ്റ്റേറ്റുമെന്റിനെക്കുറിച്ചാണു്. ഇതൊക്കെ നടത്തുന്നതു് ഒരു ഭ്രാന്തനാണെന്നും ആ ഭ്രാന്തനെ തനിക്കു് നേരിട്ടറിയാമെന്നും ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ പ്രസ്താവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ഭ്രാന്തനെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ടി. ഏ. തൊമ്മൻ) : ആ ഭ്രാന്തനെ എനിക്കു് നേരിട്ടറിയാം. അയാളെ അറസ്റ്റു ചെയ്തിട്ടുണ്ടു്.

ശ്രീ. തോമസ് ജാൺ : ഈ കൊല്ലം തുടരെ നടന്നതായ ദേവാലയാക്രമണങ്ങളും ഇവിടത്തെ വലിയൊരു വിഭാഗം ജനങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ടെന്നും, ആ ആക്രമണങ്ങളും കണ്ടുപിടിക്കുന്നതിൽ ഇവിടത്തെ മുഖ്യമന്ത്രിയും ഹോം ഡിപ്പാർട്ടുമെന്റും വളരെയേറെ അലസത കാണിച്ചിട്ടുണ്ടെന്നും, ആ കാര്യത്തിൽ ഈ ഗവണ്മെന്റു അങ്ങേയറ്റം ഉത്തരവാദരഹിതമായി പെരുമാറിയിട്ടുണ്ടെന്നുമുള്ള ആക്ഷേപം ഈ നാട്ടിൽ പരക്കെ ഉണ്ടായിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

ശ്രീ. ആർ. ശങ്കർ : അങ്ങനെ ചില ആളുകളും പറയുന്നുണ്ടെന്നല്ലാതെ ഈ നാട്ടിൽ അങ്ങനെ പൊതുവിൽ ആക്ഷേപമുള്ളതായി ഗവണ്മെന്റിനു വിചാരമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ദേവാലയധ്വംസനങ്ങളുടെ പേരിൽ അറസ്റ്റു ചെയ്തിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള പട്ടിക വല്ലതും സൂക്ഷിച്ചിട്ടുണ്ടോ, അങ്ങനെ സൂക്ഷിക്കുന്ന വല്ല പതിവുമുണ്ടോ ഇല്ലെങ്കിൽ ഇനി മേലാലെങ്കിലും വ്യക്തമായി ഇങ്ങനെ അറസ്റ്റു ചെയ്യുന്നവരുടെ ജാതി തിരിച്ചുള്ള പട്ടിക സൂക്ഷിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിനു് ഗവണ്മെന്റു് തയ്യാറാകുമോ :

ശ്രീ ആർ. ശങ്കർ : ഇപ്പോൾ എന്റെ കൈവശമില്ല. അങ്ങനെയൊന്നു തയ്യാറാക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാവില്ല. അതു പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈയിടെ മൂന്നു നാലു ആഴ്ചയായി ദേവാലയാക്രമണങ്ങളും നിറുത്തിവച്ചിരിക്കുകയാണു്. അതു എന്തുകൊണ്ടാണെന്നു പറയാമോ ;

ശ്രീ. ആർ. ശങ്കർ : ആക്രമണം നടത്തുന്ന സ്വഭാവക്കാരോടു ചോദിച്ചാലേ അറിയുവാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : കേസുകൾ തെളിഞ്ഞിട്ടുണ്ടെന്നു പറയുകയുണ്ടായി. തെളിഞ്ഞിട്ടുള്ളതു് മുഴുവൻ സ്ഥിരം പുള്ളികളാണെന്നും, ഭോലായ മോഷണമല്ലാതെ ആക്രമണത്തിനു വിധേയമായിട്ടുള്ള കേസുകളിലെ ഒരൊറ്റ പ്രതികളെപ്പോലും അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ആ കേസുകൾ കണ്ടുപിടിക്കാൻ യാതൊരു ശ്രമവും ചെയ്തിട്ടില്ലെന്നുള്ളതാണു് വാസ്തവം.

ശ്രീ. ആർ. ശങ്കർ : അങ്ങനെ പറയുവാൻ കഴിയുകയില്ല.

വിലക്കയറ്റത്തിന്റെ ശതമാനക്കണക്കു്.

* 13 [4] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962 ഡിസംബർ മാസം മുതൽ 1964 ജൂൺ മാസം വരെ ജീവൻ താവശ്യസാധനങ്ങളായ (അരി, തുണി, വെളിച്ചെണ്ണ, പഞ്ചസാര, ഉഴുന്നു്, പെറുപയ്റു്, ഉരുളക്കിഴങ്ങു്, കുവന്നള്ളി മുളകു് ഇവയുടെ) വിലനിരക്കു് എത്ര ശതമാനംവരെ വർദ്ധിച്ചിട്ടുണ്ടു് എന്നു് ഈ സംസ്ഥാനത്തിലെ കണക്കു് ഗവണ്മെന്റു് എടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) ഉണ്ടു്. 1962ഡിസംബർ മാസം മുതൽ 1964 ജൂൺമാസംവരെയുള്ള കാലത്തിലെ വിലവർദ്ധനവു് ശതമാനം കാണിക്കുന്നഒരു †സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Mr. Speaker : Questions No. 32, 45, 52, 58, & 60 may also be answered.

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവു്.

* 14. [32] ശ്രീ. ഓ. കോരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിയുടേയും മറ്റു നിത്യോപയോഗ സാധനങ്ങളുടേയും വില 1964 മേയ് മുതൽ ജൂലൈ 31–ാംനു- വരെ ഓരോ മാസത്തിലും എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടു്.

(ബി) ഈ വില വർദ്ധനവു തടയുന്നതിനു് എന്തെല്ലാം നടപടികളാണു് ഗവണ്മെന്റു് എടുത്തിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാ

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ) അരിയുടേയും മറ്റു നിത്യോപയോഗ സാധനങ്ങളുടേയും 1964 മേയ്മാസം മുതൽ ജൂലായ് 31-ാംതീയതിവരെയുള്ള വിലവിവരവും വിലവർദ്ധനവും ശതമാനവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

† Appendix II

‡ Appendix III

LIBRARY ARCHIVES Kerala Legislative Assembly